# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 12** — **27.06.2011-ൽ മറുപടിയ്ക്ക്**

### അഴിമതി തുടച്ചുമാറ്റുന്നതിനുള്ള കർമ്മ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി ) |
| (എ) ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റുന്നതിനുള്ള ഈ സർക്കാരിന്റെ കർമ്മ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) സർക്കാരിന്റെ ആദ്യത്തെ 100 ദിന കർമ്മ പദ്ധതിയിൽ അഴിമതിയെക്കുറിച്ച് വിവരം നൽകുന്നവരുടെ രഹസ്യ സ്വഭാവം നിലനിർത്തി ചീഫ് വിജിലൻസ് കമ്മീഷന്റെ Whistle Blower Protection Policy മാതൃകയിൽ അവർക്ക് പൂർണ്ണ സംരക്ഷണം. ഇത്തരം വിവരങ്ങൾ സ്വീകരിക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ പ്രത്യേക സംവിധാനം, അഴിമതി കണ്ടെത്തുവാൻ സഹായിക്കുന്നവർക്ക് റിവാർഡ്, എല്ലാ ഓഫീസുകളിലും പൗരാവകാശ രേഖ, ടെണ്ടർ/ പ്രൊക്യൂർമെന്റ് /പർച്ചേസ് നടപടികൾക്ക് ചീഫ് വിജിലൻസ് കമ്മീഷന്റെ മാർഗരേഖ നടപ്പാക്കൽ, കേന്ദ്ര സർക്കാരും പൊതുസമൂഹവും ചേർന്ന് രൂപീകരിക്കുന്ന ലോക്പാൽ ബില്ലിന് അനുസൃതമായി സംസ്ഥാന ലോകായുക്ത ബിൽ ഭേദഗതി ചെയ്ത് ശക്തിപ്പെടുത്തൽ, കേരളത്തിലെ പ്രധാനപ്പെട്ട പദ്ധതികൾക്ക് ആസൂത്രിതമായ വിഭവ വിനിയോഗവും പദ്ധതിയിൽ നിന്നുള്ള സാമൂഹ്യനേട്ടവും, സുതാര്യതയും മുന്നിൽ കണ്ട് മുൻകൂർ സാമൂഹിക സാമ്പത്തിക പരിശോധനയ്ക്ക് സംവിധാനം ഒരുക്കൽ തുടങ്ങിയ കർമ്മ പദ്ധതികൾ ഭരണരംഗത്തെ അഴിമതി തുടച്ചുമാറ്റുന്നതിനായി രൂപം നൽകിയിട്ടുണ്ട്. |

(. . . . 2)

കൂടാതെ തിരുവിതാംകൂർ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 117 സർക്കാർ സ്ഥാപനങ്ങളെയും ലോകായുക്തയുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോഴത്തെ മന്ത്രിസഭയിൽ ആരോപണ വിധേയരായി വിജിലൻസ് അന്വേഷണം നേരിടുന്ന മന്ത്രിമാർ ആരൊക്കെയാണ് ;

(സി) കോടതിയുടെ പരിഗണനയിലിരിക്കുന്ന ഏതെല്ലാം കേസുകളിൽ ഏതെല്ലാം മന്ത്രിമാർ പ്രതി പട്ടികയിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ആരോപിക്കപ്പെട്ട വിഷയം കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെ ചുമതല ആരോപണവിധേയരായിട്ടുള്ളവർക്ക് നൽകിയിട്ടുണ്ടോ ;

(ഇ) ഏതെല്ലാം മന്ത്രിമാർക്കെതിരെ എന്തെല്ലാം നിലയിലുള്ള ആരോപണങ്ങളായിരുന്നു ഉന്നയിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

(ബി), (സി), (ഡി), (ഇ)

വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ